264255/2024

**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല -ഏലൂർ നഗരസഭ- ഏലൂർ വില്ലേജ്- സ്കൂൾ കെട്ടിട നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാക്കുന്നു.

പരാമർശം:- 1. ഏലൂർ നഗരസഭ സെക്രട്ടറിയുടെ 16/06/2023, 04/09/2023, 03/11/2023 എന്നീ തീയതികളിലെ ബി.എ-154/2019-20 നമ്പർ കത്ത്
2. എറണാകുളം ജില്ലാ ടൗൺപ്ലാനറുടെ 14/12/2023 ലെ LSGD/JD/EKM/2962/2023-PLG-4 നമ്പർ കത്ത്.

==========================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. LSGD/PD/70562/2023-TCPA2 തീയതി:17-04-2024

==========================================================

എറണാകുളം ജില്ലയിലെ ഏലൂർ നഗരസഭ പരിധിയിലുള്ള ഏലൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 15-ൽ പ്പെട്ട 7966 ച.മീ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 1529.83 sq.m (total built-up area) വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടം ഉൾപ്പെടുന്ന സ്ഥലം Structure Plan-ൽ അഗ്രികൾച്ചർ സോണിൽ ഉൾപ്പെടുന്നതിനാൽ ആയതിന്റെ സോണിംഗ് റെഗുലേഷൻ പ്രകാരം കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി ദി ജനറൽ മാനേജർ, സെന്റ് ജോസഫ് കന്യാസ്ത്രീ മഠം, ഏദംപാടം, ഏലൂർ, എറണാകുളത്തിന്റെ പരാമർശം (1) കത്ത് പ്രകാരം ഏലൂർ നഗരസഭാ സെക്രട്ടറി ലഭ്യമാക്കുകയും, ടി അപേക്ഷയിന്മേൽ ടി നിർമ്മാണ സ്ഥലം ജില്ലാ ടൗൺ പ്ലാനർ പരിശോധിച്ച് ലഭ്യമാക്കിയ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെയും ശുപാർശകളുടേയും അടിസ്ഥാനത്തിലും പ്രസ്തുത നിർമ്മാണത്തിന് കെ.എം.ബി.ആർ 2019 നും ചുവടെ വിവരിക്കുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത സ്ട്രക്ച്ചർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.എം.ബി.ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ

പരിശോധിച്ച് നഗരസഭ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

2. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ 2019-നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് നഗരസഭ സെക്രട്ടറി ഉറപ്പ് വരുത്തണം.
3. ഖര മാലിന്യ സംസ്കരണം/ ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും നഗരസഭ സെക്രട്ടറി ഉറപ്പ് വരുത്തണം.
4. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം
5. മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേഔട്ട് അംഗീകാരം,കെട്ടിട നിർമ്മാണാനുമതി എന്നിവ നിയമാനുസൃതം വാങ്ങേണ്ടതാണ്.
6. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം 2018-ലെ നെൽവയൽ തണ്ണീർത്തട നിയമം സംബന്ധിച്ച അമെൻഡ്മെന്റ് ആക്ട്, ഗവൺമെന്റ് സർക്കുലറുകൾ , KLU ഓർഡർ 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് നഗരസഭാ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയം ഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺ പ്ലാനർക്കുവേണ്ടി)

സീനിയർ ടൗൺപ്ലാനർ, എറണാകുളം
പകർപ്പ്:-

1. ദി ജനറൽ മാനേജർ, സെന്റ് ജോസഫ് കന്യാസ്ത്രീ മഠം, ഏദംപാടം, ഏലൂർ, എറണാകുളം
2. സെക്രട്ടറി, ഏലൂർ നഗരസഭ, എറണാകുളം
3. വെബ് സൈറ്റ്